**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഹൈഡൽ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് വൈദ്യുതി വകുപ്പിന്റെ കീഴിൽ ഹൈഡൽ ടൂറിസം പദ്ധതികൾ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് 12 സെന്ററുകളിലാണ് ഹൈഡൽ ടൂറിസം പ്രവർത്തിക്കുന്നത്.<br>1) വയനാട് ജില്ലയിൽ - ബാണാസുര സാഗർ ഹൈഡൽ ടൂറിസം സെന്റർ<br>2) മലപ്പുറം ജില്ലയിൽ - ആഢ്യൻപാറ ക്രീം കാസ്കേഡ് ഹൈഡൽ ടൂറിസം സെന്റർ<br>3) കോഴിക്കോട് ജില്ലയിൽ - കക്കയം മലബാർ ഹവൻ ഹൈഡൽ ടൂറിസം സെന്റർ<br>4) ഇടുക്കി ജില്ലയിൽ- മൂന്നാർ ഹൈഡൽ പാർക്ക്, മാട്ടുപ്പെട്ടി സൺ മൂൺ വാലി ബോട്ടിംഗ് സെന്റർ, മാട്ടുപ്പെട്ടി ഡാം പെഡൽ ബോട്ടിംഗ് സെന്റർ, എക്കോ പോയിന്റ് ബോട്ടിംഗ് സെന്റർ, കുണ്ടള ടൌട്ട് ലഗൂൺ ബോട്ടിംഗ് സെന്റർ, ശെങ്കുളം ഡ്യൂവാലി ബോട്ടിംഗ് സെന്റർ, നാടുകാണി വ്യൂ പോയിന്റ്, ആനയിറങ്കൽ ബോട്ടിംഗ് സെന്റർ (നിലവിൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോട്ടിംഗ് പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്), ഇടുക്കി – ചെറുതോണി ഡാമിലേക്കുള്ള ഗേറ്റിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഡാമിലേക്കുള്ള പ്രവേശനം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | സംസ്ഥാനത്ത് 2016-17 മുതൽ 2022-23 വരെ ഹൈഡൽ ടൂറിസം പദ്ധതികളിലൂടെ ലഭിച്ചിട്ടുള്ള വരുമാനം വർഷം തിരിച്ച് വിശദമാക്കാമോ; | (ബി) | ഹൈഡൽ ടൂറിസം പദ്ധതിയിൽ നിന്നും ലഭിച്ച വരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | വാമനപുരം മണ്ഡലത്തിൽ നന്ദിയോട് ലോവർ മീൻമുട്ടിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഹൈഡൽ ടൂറിസം പ്രോജക്റ്റ് നിർത്തിവയ്ക്കാനുണ്ടായ കാരണം വിശദമാക്കാമോ; | (സി) | വാമനപുരം പഞ്ചായത്തിൽ നന്ദിയോട് ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം പ്രവർത്തനം ആരംഭിച്ചത് 2006-2007 സാമ്പത്തിക വർഷത്തിലാണ്._2006-2007 സാമ്പത്തിക വർഷം മുതൽ പ്രവർത്തനം അവസാനിപ്പിച്ച 2022-23 സാമ്പത്തിക വർഷം വരെ (17 വർഷങ്ങളിലായി) 11,23,987/- രൂപ വരവും 1,55,63,805/- രൂപ ചെലവും 1,34,14,648/- രൂപ നഷ്ടത്തിലുമാണ് |

| | | | |
|---|---|---|---|
| | | | ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം സെന്റർ പ്രവർത്തിച്ചിരുന്നത്. സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമായ ഹൈഡൽ ടൂറിസത്തിലെ മറ്റ് സെന്ററുകളിലെ വരുമാനം ഉപയോഗിച്ചാണ് ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം പ്രവർത്തിച്ചു വന്നിരുന്നത്. ഇത്രയും ഭീമമായ നഷ്ടം ഹൈഡൽ ടൂറിസത്തിന് താങ്ങാൻ കഴിയാത്ത കാരണത്താലാണ് സെന്റർ താത്കാലികമായി പ്രവർത്തനം നിർത്തിവച്ചത്. |
| (ഡി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രോജക്ടുകൾ എവിടെയെല്ലാമാണെന്നും നഷ്ടത്തിലുള്ളവ ലാഭകരമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (ഡി) | നിലവിൽ കോഴിക്കോട് ജില്ലയിൽ കക്കയം മലബാർ ഹവൻ ഹൈഡൽ ടൂറിസം സെന്റർ, മലപ്പുറം ജില്ലയിലെ ആഢ്യൻപാറ ക്രീം കാസ്കേഡ് ഹൈഡൽ ടൂറിസം സെന്റർ, ഇടുക്കി ജില്ലയിലെ നാട്ടുകാണി വ്യൂ പോയിന്റ് എന്നീ സെന്ററുകളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഢ്യൻപാറ സെന്ററിൽ ഡി.റ്റി.പി.സി-യുമായി സഹകരിച്ച് ടൂറിസം വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| സാമ്പത്തിക വർഷം | വരവ് | ചെലവ് | ലാഭം/നഷ്ടം | |
|---|---|---|---|---|
| 2016-2017 | 14,14,97,255.00 | 11,40,05,727.00 | 2,74,91,528.00 | ലാഭം |
| 2017-2018 | 14,25,73,367.00 | 10,15,05,793.00 | 4,10,67,574.00 | ലാഭം |
| 2018-2019 | 12,33,72,537.00 | 14,76,16,184.00 | (-) 2,42,43,647.00 | നഷ്ടം |
| 2019-2020 | 13,97,04,152.00 | 12,58,54,966.00 | 1,38,49,186.00 | ലാഭം |
| 2020-2021 | 8,68,20,065.00 | 9,55,85,386.00 | (-) 87,65,321.00 | നഷ്ടം |
| 2021-2022 | 11,35,19,606.00 | 12,99,21,309.00 | (-) 1,64,01,703.00 | നഷ്ടം |
| 2022-2023 | 24,75,08,638.00 | 16,12,59,462.00 | 8,62,49,176.00 | ലാഭം |